# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3830 21.06.2018-ൽ മറുപടിക്ക്

### ടെക്സ്റ്റൈൽ വ്യവസായം നേരിടുന്ന പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോജി.എം.ജോൺ | ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ടെക്സ്റ്റൈൽ വ്യവസായം നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (ബി) ഉണ്ട്. എക്സ്പർട്ട് കമ്മിറ്റിയുടെ ശിപാർശ പ്രകാരമുള്ള ആധുനികവൽക്കരണത്തിന് മൂലധനമായി 494.81 കോടി രൂപ ആവശ്യമായ സാഹചര്യത്തിൽ പ്രസ്തുത പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതിന്റെ ഭാഗമായി പൊതുമേഖലയിൽ പ്രവർത്തിക്കുന്ന 3 ടെക്സ്റ്റൈൽ മില്ലുകളുടെ നവീകരണത്തിന് 45 കോടി ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയുമാണ്. |
| (സി) പ്രഭുറാം മിൽസ്, മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, കോമളപുരം സ്പിന്നിംഗ് മിൽസ് എന്നിവ പുനരുദ്ധരിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; | (സി) സംസ്ഥാനത്തെ ടെക്സ്റ്റൈൽ മില്ലുകളെക്കുറിച്ച് പഠിക്കുന്നതിനായി ഈ സർക്കാർ നിയോഗിച്ച എക്സ്പെർട്ട് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിലൂടെ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ യൂണിറ്റായ പ്രഭുറാം മില്ലിന്റെ നവീകരണത്തിനായി 7 കോടി രൂപയും മലബാർ സ്പിന്നിംഗ് & വീവിംഗ് മില്ലിന്റെ നവീകരണത്തിനായി 25 കോടി രൂപയും കോമളപുരം |

സ്പിന്നിംഗ് & വീവിംഗ് മില്ലിന്റെ വികസന പ്രവർത്തനങ്ങൾക്കായി 13 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതികൾ ഈ സാമ്പത്തിക വർഷം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| (ഡി) ഈ സർക്കാർ നിലവിൽ വന്ന ശേഷം അടഞ്ഞുകിടന്ന എത്ര തുണി മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ? | (ഡി) ഈ സർക്കാരിന്റെ അടിയന്തിരമായ ഇടപെടലിനെ തുടർന്ന് സഹകരണ സ്പിന്നിംഗ് മില്ലുകൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിലേക്കായി സെൻട്രലൈസ്ഡ് പർച്ചേസ് കമ്മിറ്റി മുഖാന്തിരം 06.02.2017 ൽ 7.10 കോടി രൂപ അനുവദിക്കുകയും ആയതിന്റെ ഫലമായി അടഞ്ഞു കിടന്നിരുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ, തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ, പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ എന്നിവ തുറന്നു പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സഹകരണ സ്പിന്നിംഗ് മില്ലുകൾക്കും കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകൾക്കുമായി അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിലേക്കായി 11 കോടി രൂപ റിവോൾവിംഗ് ഫണ്ടായി നൽകിയിട്ടുണ്ട്. ഇതിനു പുറമേ കെ.എസ്.ഐ.ഡി.സി മുഖാന്തിരം സഹകരണ സ്പിന്നിംഗ് മില്ലുകൾക്കും കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ മില്ലുകൾക്കുമായി 10 കോടി രൂപ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിലേക്കായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ